പതിമൂന്നാം കേരള നിയമസഭ

4-ാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ. 40 05-03-2012-ന് മറുപടി നൽകേണ്ടത്.

## 'കേന്ദ്ര റെയിൽ ബഡ്ജറ്റിനു മുന്നോടിയായി എം.പി.മാരുടെ യോഗം'

ചോദ്യം

ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ
ശ്രീ. വി.റ്റി. ബൽറാം
ശ്രീ. വി.ഡി. സതീശൻ

ഉത്തരം

ശ്രീ. ഉമ്മൻചാണ്ടി
(മുഖ്യമന്ത്രി)

| ചോദ്യം | ഉത്തരം |
| --- | --- |
| എ). കേന്ദ്ര ബഡ്ജറ്റിനും റെയിൽ ബഡ്ജറ്റിനും മുന്നോടിയായി സംസ്ഥാനത്തെ എം.പി.മാരുടെ യോഗം വിളിച്ചു ചേർക്കുകയുണ്ടായോ ; | (എ). കേന്ദ്ര ബഡ്ജറ്റിനു മുന്നോടിയായി 16-02- 2012-നും റയിൽവേ സംബന്ധിച്ച് 24-01-2012-നും എം.പി.മാരുടെ യോഗം വിളിച്ചുചേർക്കുകയുണ്ടായി |
| ബി). കേന്ദ്രാവിഷ്കൃത പദ്ധതികളേയും തൊഴിലുറപ്പു പദ്ധതികളേയും സംബന്ധിച്ച് എന്തെല്ലാം തീരുമാനങ്ങളാണ് പ്രസ്തുത യോഗത്തിൽ എടുത്തിട്ടുളളത് ; | (ബി). കേന്ദ്രാവിഷ്കൃത പദ്ധതികളിലും തൊഴിലുറപ്പു പദ്ധതികളിലും സംസ്ഥാനത്തിന് അനുയോജ്യമായ രീതിയിൽ വ്യവസ്ഥകളിൽ മാറ്റം വരുത്താൻ കേന്ദ്രത്തോട് ആവശ്യപ്പെടാൻ തീരുമാനിച്ചു. വനസംരക്ഷണത്തിനുളള വാച്ചർമാരെ തൊഴിലുറപ്പു പദ്ധതിയിൽ ഉൾപ്പെടുത്തി നിയമിക്കുന്നതിനും ശുപാർശ ചെയ്യാൻ തീരുമാനമായി. |
| സി). മുൻ റയിൽവേ ബഡ്ജറ്റിൽ ഉൾക്കൊളളിച്ചിട്ടുളള പദ്ധതികളും, പുതിയ ട്രെയിനുകളും സംസ്ഥാനം സമർപ്പിച്ച പദ്ധതികളും സംബന്ധിച്ചുളള തീരുമാനങ്ങൾ എന്തായിരുന്നു ? | (സി). പാലക്കാട് റയിൽ കോച്ച് ഫാക്ടറി, ചേർത്തല വാഗൺ ഫാക്ടറി, Automatic Signalling System, Automatice Block Signal, മെമു ട്രെയിൻ സർവ്വീസുകൾ, റയിൽവേ ലൈൻ വൈദ്യുതീകരണം, കോച്ചുകളുടെ എണ്ണത്തിലുളള കുറവും ഉളളവയുടെ ശോച്യാവസ്ഥയും, പഴയ എറണാകുളം ടെർമിനസ് സബർബൻ ട്രെയിൻ ഹബ്ബായി പ്രവർത്തിക്കുന്നത്, പെനിൻസുലാർ റയിൽവേ സോൺ രൂപീകരണം, തിരുവനന്തപുരത്ത് റയിൽവേ മെഡിക്കൽ കോളേജ്, പുതിയ ലൈനുകളുടെ സർവ്വെയും നിർമ്മാണവും, കോച്ചിംഗ് ഡിപ്പോകൾ, പിറ്റ് ലൈനുകൾ, ഗുഡ്സ് ഷെഡ്ഡുകൾ, മംഗലാപുരം-തിരുവനന്തപുരം റയിൽ കോറിഡോർ, ട്രെയിൻ യാത്രക്കാരുടെ സുരക്ഷ, |

അണ്ടർ പാസ്സിനായി ചിന്നക്കടയിൽ കൊല്ലം നഗരസഭയ്ക്ക് റയിൽവേയുടെ 18.5 സെന്റ് സ്ഥലം കൈമാറ്റം ചെയ്യുന്നത്, ചെങ്ങന്നൂരിൽ സൂപ്പർ സ്പെഷ്യാറിറ്റി ഹോസ്പിറ്റൽ, തിരുവനന്തപുരത്ത് ബോട്ടിലിംഗ് പ്ലാന്റ്, തിരുവനന്തപുരം ഉൾപ്പെടെ നാല് സ്റ്റേഷനുകൾ അന്താരാഷ്ട്ര നിലവാരത്തിലേയ്ക്ക് ഉയർത്തുന്നത്, ഡെഡിക്കേറ്റഡ് ഹൈസ്പീഡ് കോറിഡോർ, യാത്രക്കാർക്കുള്ള സൗകര്യങ്ങൾ, പുതിയ ട്രെയിനുകൾ, പ്രഖ്യാപിക്കപ്പെട്ട തീവണ്ടികളുടെ സർവ്വീസുകൾ ആരംഭിക്കുന്നത്, ട്രെയിനുകൾ ദീർഘിപ്പിക്കുന്നത്, ട്രെയിനുകൾ മാറ്റുന്നത്, ട്രെയിനുകളുടെ frequency വർദ്ധിപ്പിക്കുന്നത്, പാസഞ്ചർ റിസർവേഷൻ സിസ്റ്റം, ട്രെയിനുകളുടെ സ്റ്റോപ്പുകൾ എന്നീ വിഷയങ്ങളാണ് 24-01-2012-ലെ എം.പി. മാരുടെ യോഗത്തിൽ മുഖ്യമായും ചർച്ചചെയ്തത്.

സെക്ഷൻ ഓഫീസർ